കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഇ.ഇ.സി. മാർക്കറ്റിന്റെ പണി തീർന്നിട്ടുണ്ട്. മതിലിന്റെ പണി തീർന്നിട്ടില്ല, റോഡിന്റെ പണി തീർന്നിട്ടില്ല. അതിനാവശ്യമായ പണം കൊടുത്ത് ട്രിഡയെ കൊണ്ടുതന്നെ ഇതൊക്കെ ചെയ്യിക്കുന്നതിനാവശ്യമായ സംവിധാനം നടത്തുന്നുണ്ട്. ആ വിധത്തിൽ വേഗം പണി തീർക്കുന്നതാണ്.

(38) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പാലക്കയം-വട്ടപ്പാറ ഹൈഡൽ ഇലക്ട്രിസിറ്റി പ്രോജക്ട് തുടങ്ങേണ്ടത് സംബന്ധിച്ച്

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിലെ പാലക്കയം-വട്ടപ്പാറ മിനി ഹൈഡൽ ഇലക്ട്രിക് പ്രോജക്ടിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ട്. അത് അടിയന്തിരമായി തുടങ്ങണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ ശുപാർശ ചെയ്തിട്ടുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ലോവർ വട്ടപ്പാറയും അപ്പർ വട്ടപ്പാറയും നടപ്പിലാക്കുന്നതിന് റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻസ് പ്രകാരം യോഗ്യത നേടിയ അപേക്ഷകരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വഴിയാണ് പദ്ധതികൾ അനുവദിച്ച് കൊടുക്കുന്നത്. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ഇഷ്യു ചെയ്യാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

V. പ്രത്യേക പരാമർശം

വിദ്യാർത്ഥി സംഘടനകളുടെ സമരം ഒത്തുതീർപ്പാക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കഴിഞ്ഞ 12 ദിവസമായി സംയുക്ത വിദ്യാർത്ഥി സമരസമിതിയുടെ നേതൃത്വത്തിൽ നടന്ന സമരം ഗവൺമെന്റിനുപോലും ശക്തമായി എതിർക്കാൻ കഴിയാത്ത വിധത്തിൽ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുക്കൊണ്ടുള്ളതാണ്. വിദ്യാഭ്യാസ കച്ചവടക്കാരുടെ ധാർഷ്ട്യം നിറഞ്ഞ നിലപാട് നിയന്ത്രിക്കുക, ഫീസ് ഏകീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയിരുന്ന സമരം ഒരു ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിച്ചു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ആ സമരത്തെ സംബന്ധിച്ച് ഒരു വലിയ കലാപം നടക്കുന്നു, ഗവൺമെന്റിനെ മറിക്കാനാണ് എന്നുള്ള നിലയിലുള്ള കശാപ്പാണ് കുട്ടികളുടെ നേരെ എടുത്തിട്ടുള്ളത്. അതിന്റെ ഫലമായിട്ട് ഇപ്പോൾ 23 കുട്ടികൾ ജയിലിലാണ്. 12 പേർ കോഴിക്കോട്, 6 പേർ എറണാകുളം, 3 പേർ തിരുവനന്തപുരം, 2 പേർ കൊല്ലം എന്നിങ്ങനെ 23 കുട്ടികൾ ഇപ്പോഴും ജയിലിലാണ്. തികച്ചും ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയ ആ സമരത്തിനെതിരെ അത്യന്തം ക്രൂരമായ നിലയിലുള്ള മർദ്ദനമഴിച്ചുവിട്ടും ഭ്രാന്തൻമാർ കിടക്കുന്ന സ്ഥലത്ത് അവരെ കൊണ്ടിടുകയുമൊക്കെ ചെയ്തിട്ടും അതെല്ലാം സഹിച്ചുക്കൊണ്ട് നടത്തിയ സമരം അവസാനം ഒത്തുതീർപ്പാകുമ്പോഴെങ്കിലും ഒരു സാമാന്യ മര്യാദ അനുസരിച്ച് അവരുടെ പേരിലുള്ള കേസുകളെല്ലാം പിൻവലിച്ച് അവരെ ജയിലിൽ നിന്നും ഇറക്കിവിടാൻ ശ്രമിക്കേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly